ദൈവം കോപിക്കുന്നത് യോനായോടല്ല;
അവൻ നടത്തുന്ന യാത്രയോടാണ്.

നമ്മുടെ യാത്രകൾ ദൈവകോപത്തിന് ഇടയാക്കുന്നുണ്ടോ...? നമ്മുടെ യാത്രകൾ ദൈവകോപത്തിന് ഇടയാക്കുന്നുണ്ടോ...? നമ്മുടെ യാത്രകൾ ദൈവകോപത്തിന് ഇടയാക്കുന്നുണ്ടോ...

എന്നാൽ യോനാ
യഹോവയുടെ സന്നിധിയിൽ
നിന്ന് തർശീശിലേക്ക്
ഓടിപ്പോകേണ്ടതിന് പുറപ്പെട്ട്
യാഫോവിലേക്ക് ചെന്നു.
യോനാ 1 : 3

## 3-ാം ദിവസം



*നമ്മുടെ ജീവിതത്തിലെ വിഫലമായ യാത്രകളുടെ കാരണങ്ങൾ തിരിച്ചറിയുക.*

# ക്ഷണിച്ചുവരുത്തുന്ന ദുരന്തം

**ദൈ**വത്തിൽനിന്ന് ഓടി അകലുന്നത് ജീവിതത്തിൽ ക്ഷണിച്ചുവരുത്തുന്ന ഏറ്റവും വലിയ ദുരന്തമാണ്. അടുത്ത് ജീവിക്കേണ്ട സാന്നിദ്ധ്യമാണ് ദൈവം. അറിഞ്ഞു പോകേണ്ട യാത്രയാണ് ദൈവം. എന്നാൽ നമ്മുടെ യാത്രകളിൽ പലപ്പോഴും നാം ഒറ്റയ്ക്കാണ് പോകാറുള്ളത്. അതുകൊണ്ട് നാം പോലുമറിയാതെ ദൈവത്തിൽനിന്ന് ഏറെ ദൂരം സഞ്ചരിച്ച് വഴിമാറി പോകുന്നു. യോനാ അറിഞ്ഞുകൊണ്ട് അകന്നുപോയി. ദൈവം കോപിക്കുന്നത് യോനായോടല്ല. അവൻ നടത്തുന്ന യാത്രയോടാണ്.

ഇത്തരത്തിൽ സ്വയം വരയ്ക്കുന്ന ചില ലക്ഷ്യങ്ങളിൽകൂടെ പോകണം എന്ന് വിചാരിക്കും, പക്ഷേ ദൈവം വരച്ച ഭൂപടം തിരക്കിപോകാനുള്ള ശ്രമമാണ് സുരക്ഷ. അത് മാത്രമേ സുരക്ഷാമേഖലയായി ഭവിക്കുകയുള്ളൂ. അതുകൂടാതെ ഏതൊക്കെ തരത്തിൽ എത്ര അലങ്കാരകോണുകൾ വരച്ചാലും ജീവിതം കൈവിട്ടുപോകും. ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കുന്ന ക്ഷമ പലരുടെയും ജീവിതത്തിനില്ല. യോനായ്ക്ക് മൂന്നു ദിവസത്തെ കഠിനമായ പോരാട്ടം അനുഭവപ്പെട്ടു. സ്വയം ഒരുക്കിയ കളരിയിൽ പുതിയ ഒരു മാറ്റത്തിന്റെ വേദി രൂപപ്പെട്ടു.

താൻ ആരാണെന്നും, തന്റെ നിയോഗം എന്താണെന്നും, താൻ ആരുടേതാണെന്നും ഉള്ള ചില സ്വയാവബോധത്തിലേയ്ക്ക് കടന്നുവരാൻ മൂന്ന് ദിവസം വേണ്ടിവന്നു. അബ്രാഹാം മൂന്നാം നാൾ മലമുകളിൽ തന്റെ പുത്രനായ യിസഹാ

ക്കിനെ ജീവനിലേയ്ക്ക്  വീണ്ടെടുത്തു. ക്രിസ്തു മൂന്നാംനാൾ ഉത്ഥാനത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിച്ചു. യോന മൂന്നാം  നാൾ സ്വയം രൂപാന്തരത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിച്ചു. ആർക്കും ലഭിക്കാവുന്ന ഭാഗ്യമാണ് മൂന്നാം നാൾ.

നമ്മുടെ നോമ്പും, പ്രാർത്ഥനകളും നീണ്ട കാത്തിരിപ്പായി  ഭവിക്കാതെ ദൈവാനുഭവത്തിന്റെ വെളിച്ചമായി തീരണം.

**സമർപ്പണ പ്രാർത്ഥനയ്ക്കായി ഒരുങ്ങാം**

(ഇനിയുള്ള വാചകങ്ങൾ വായിച്ചതിനുശേഷം അൽപസമയം ധ്യാനിക്കുക.)

- ദൈവമേ. ഞാൻ സ്വന്തം നേട്ടങ്ങളെ ലക്ഷ്യമാക്കി അങ്ങില്ലാതെ നടത്തിയ യാത്രകളെല്ലാം വിഫലമായിരുന്നുവെന്ന് തിരിച്ചറിയുന്നു.

- അങ്ങയുടെ സൃഷ്ടികളിൽ ഒന്നുമാത്രമാണ് ഞാനെന്ന് മനസ്സിലാക്കുന്നു.

- അവിടുന്നു എന്തുദ്ദേശ്യത്തിനുവേണ്ടിയാണോ എന്നെ സൃഷ്ടിച്ചത് അത് നിവർത്തീകരിക്കുന്നതിന് സ്വയം സമർപ്പിതമാകുന്നത് മാത്രമാണ് എന്റെ ജീവിത ഉദ്ദേശ്യമെന്ന് ഞാൻ തിരിച്ചറിയുന്നു.

## സമർപ്പണ പ്രാർത്ഥന

സ്നേഹവാനായ പിതാവേ...
ഞങ്ങളുടെ ഹിതത്തിന് കീഴ്പ്പെട്ട
സ്വന്തം പുത്രന്റെ സമർപ്പണത്തെ അംഗീകരിക്കുകയും,
അത് ലോകത്തിന് മാതൃകയാക്കി കാണിച്ചുകൊടുക്കുകയും ചെയ്തുവല്ലോ.
ഞങ്ങളുടെ ഹിതത്തിൽ നിന്നും  നിന്റെ ഇഷ്ടത്തിലേക്ക് ചേക്കേറുന്ന
പറവകളായ ഞങ്ങളുടെ ചിറകുകൾക്ക്
പുതുക്കം പ്രാപിപ്പാൻ തക്കവണ്ണം
കൃപ അരുളേണമേ...  ആമേൻ.

പിറവിക്ക് പിന്നിൽ
ഒരു നോവുണ്ട് :
അല്ലെങ്കിൽ
ഒരു നോമ്പുണ്ടാകും.
നോമ്പും നോവും തമ്മിൽ
എന്തൊക്കെയോ
ഉള്ളതുകൊണ്ടാവാം
ഓരോ നോമ്പും
നമ്മെ പുതുക്കുന്നത്.
പഴയതിനെ ഉരിഞ്ഞ്
പുതിയതിനെ ധരിപ്പിക്കുന്നത്.
സത്യത്തിൽ നോമ്പ്
നമ്മെ വീണ്ടും
ക്രിസ്തുവിലാക്കുകയാണ്;
പുതിയ സൃഷ്ടിയാക്കുകയാണ്.

ദൈവം വരച്ച ഭൂപടം തിരക്കിപ്പോകാനുള്ള ശ്രമമാണ് സുരക്ഷ...



ദൈവം വരച്ച ഭൂപടം തിരക്കിപ്പോകാനുള്ള ശ്രമമാണ് സുരക്ഷ...ദൈവം വരച്ച ഭൂപടം തിരക്കിപ്പോകാനുള്ള ശ്രമമാണ്

## ഗുരുമൊഴി

കഴിഞ്ഞദിവസവും
പ്രലോഭനവും
കളിയാക്കലുമൊക്കെ
നിങ്ങൾ നേരിടാൻ സാധ്യതയുണ്ട്.
ഒരു കാര്യം തിരിച്ചറിയുക.

നമ്മുടെ നാഥനായ
ക്രിസ്തുവിനുണ്ടായ
അധിക്ഷേപത്തേക്കാൾ
വലുതായി എന്തുണ്ട്?
അതുകൊണ്ട് ധൈര്യമായി
നിങ്ങളുടെ തീരുമാനത്തിലുറച്ച്
മുന്നോട്ടുതന്നെ പോവുക.
പ്രഭാതത്തിലും സന്ധ്യയിലും
കുടുംബപ്രാർത്ഥനകൾ
സജീവമാക്കുക.
ദൈവം നിങ്ങളോടൊപ്പം
ഉണ്ടാകും.

**കുരിശിന്റെ വഴിയിലൂടെ**
യാത്ര തുടരുക...

